പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2255

18.03.2015-ൽ മറുപടിക്ക്

**സങ്കേതം ഭവന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>,, പാലോട് രവി<br>,, വി.ഡി. സതീശൻ<br>,, ലൂഡി ലൂയിസ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സങ്കേതം ഭവന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) തുച്ഛ വരുമാനക്കാർക്ക് പാർപ്പിടം ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) വരുമാനം കുറഞ്ഞവർക്കായി സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയ്ക്കായി അനുവദിക്കുന്ന ഭൂമിയിൽ 400 ച. അടി വിസ്തീർണ്ണം വരുന്ന ഫ്ലാറ്റുകളാണ് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്. ഒരു ഫ്ലാറ്റിന്റെ നിർമ്മാണച്ചെലവായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 2 ലക്ഷം രൂപ പഞ്ചായത്തുകൾ ഗുണഭോക്താക്കൾക്കുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സമാഹരിക്കുന്ന തുകയും ബാക്കി 1 ലക്ഷം രൂപ ഗുണഭോക്താവിന്റെ വിഹിതവുമാണ്. ഫ്ലാറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്താവിന് അലോട്ട് ചെയ്യുന്നതിനായി ബോർഡ് അതാത് പഞ്ചായത്തിന് കൈമാറുന്നതും ഗുണഭോക്താവ് വായ്പാ തിരിച്ചടവിനായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട ശേഷം ഫ്ലാറ്റുകൾ സ്വന്തമാക്കാവുന്നതാണ്. |
| (ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഡി) പഞ്ചായത്തുകളിൽ നിന്നും അനുയോജ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ